ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 14.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **സാങ്കേതികവിദ്യാ വികസനത്തിൻറെ കാലത്ത് മാനുഷിക മൂല്യങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

   **President Draupadi Murmu said that in the present age of advancements in technology, we must ensure that our human values remain intact.**

2. **അതിർത്തി കടന്നുള്ള ഭീകരവാദത്തിനെതിരെ ഇന്ത്യയും അമേരിക്കയും ഒരുമിച്ച് പോരാടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധ മേഖലയിൽ സഹകരണം ശക്തിപ്പെടുത്താൻ ധാരണ.**

   **Prime Minister Narendra Modi said that India and the United States will fight together against cross-border terrorism. Agreed to strengthen cooperation in the field of defense.**

3. **വയനാട് -ഉരുൾപൊട്ടൽ പുനരധിവാസത്തിന് 530 കോടി രൂപയുടെ മൂലധന നിക്ഷേപവായ്പ അനുവദിച്ച് കേന്ദ്രസർക്കാർ; മാർച്ച് 31-ന് മുൻപായി തുക വിനിയോഗിക്കാൻ നിർദ്ദേശം.**

   **The Central Government has sanctioned a capital investment loan of Rs 529.50 crore for the rehabilitation of Wayanad; The amount has been directed to be utilized before March 31.**

4. **38-ാമത് ദേശീയ ഗെയിംസിന് ഉത്തരാഖണ്ഡിൽ ഔദ്യോഗിക സമാപനം; കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ രാജ്യത്തെ കായിക താരങ്ങൾ ലോകശ്രദ്ധ നേടുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.**

   **The 38th National Games in Uttarakhand concluded officially. Union Home Minister Amit Shah said that the country's sportspersons are gaining**

global attention through the development of infrastructure in the field of sports

5. **വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൻറെ മൂന്നാം സീസണിന് ഇന്ന് തുടക്കം; ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ, ഹൈദരാബാദ് പോരാട്ടം.**

**The third season of women's Premier League Twenty20 cricket begins today; Odisha- Hyderabad clash today in ISL football.**

=========================================================

## FUR. REV. EARLY PRESIDENT-KARNATAKA (INTRO)

സാങ്കേതിക വിദ്യ വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനുഷിക മൂല്യങ്ങൾ നിലനിൽക്കുന്നു എന്ന് ഉറപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. കർണാടകയിലെ ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് സംഘടിപ്പിക്കുന്ന പത്താമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

**(ഹോൾഡ് വോയ്സ്............)**

നാളെ റാഞ്ചിയിൽ ബിഐടി മേസ്രയുടെ 70-ാം വാർഷികത്തിലും ശ്രീമതി മുർമ്മു പങ്കെടുക്കും.

=========================================================

## VP-VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ജമ്മു സന്ദർശിക്കും. കത്രയിൽ ശ്രീ മാതാ വൈഷ്ണോ ദേവി സർവകലാശാല യുടെ 10-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. തുടർന്ന് മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലും റിയാസി ജില്ലയിലെ ഭൈറോൺ ക്ഷേത്രത്തിലും ശ്രീ ധൻകർ ദർശനം നടത്തും.

=========================================================

## DAY INDIA US CAPSULE

ഈ നൂറ്റാണ്ടിലെ സുപ്രധാന പ്രതിരോധ പങ്കാളിത്തത്തിനായി പത്ത് വർഷത്തേക്കുള്ള പുതിയ രൂപരേഖയിൽ ഒപ്പുവെക്കുമെന്ന് ഇന്ത്യയും അമേരിക്കയും വ്യക്തമാക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ ബന്ധം ശക്തിപ്പെടുത്താൻ

ലക്ഷ്യമിട്ടുള്ളതാണ് 2035 വരെ നീണ്ടുനിൽക്കുന്ന ഈ പദ്ധതി. വാഷിംഗ്ടൺ ഡിസിയിൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനമായത്. വ്യാവസായിക മേഖലയിലെ പങ്കാളിത്തവും സഹകരണവും യുഎസ്-ഇന്ത്യ വ്യാപാര ബന്ധവും കൂടുതൽ ശക്തിപ്പെടുത്താനും കൂടിക്കാഴ്ച്ചയിൽ തീരുമാനമായി.

=====================================================

## MODI US (INTRO)

അതിർത്തി കടന്നുള്ള ഭീകരവാദത്തിനെതിരെ ഇന്ത്യയും അമേരിക്കയും ഒരുമിച്ച് പോരാടുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാരം 2030 ഓടെ 500 ബില്യൺ ഡോളറാക്കി ഉയർത്തുമെന്നും ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സഹകരണത്തിലൂടെ മികച്ച ഒരു ലോകത്തെ രൂപപ്പെടുത്തുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

=====================================================

## REV. MEA PM VISIT

ഡോണൾഡ് ട്രംപ് അധികാരമേറ്റ് മൂന്നാഴ്ചയ്ക്കകമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.എസ് സന്ദർശനം ഇന്ത്യ-അമേരിക്ക ബന്ധത്തിന് ഇരു നേതാക്കളും നൽകുന്ന മുൻഗണനയെ സൂചിപ്പിക്കുന്നതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. ഇരുരാജ്യങ്ങൾക്കും ഗുണകരമായ ഉഭയകക്ഷി വ്യാപാര കരാറിൽ 2025 അവസാനത്തോടെ ധാരണയിലെത്താനും തീരുമാനിച്ചിട്ടുണ്ട്.

=====================================================

## PM PULWAMA ATTACK

2019- ലെ പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സി ആർ പി എഫ് സേനാംഗങ്ങൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. സൈനികരുടെ ജീവത്യാഗം വരും തലമുറകൾ ഒരിക്കലും മറക്കില്ലെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

പുൽവാമ ഭീകരാക്രമണത്തിൽ 40 സി ആർ പി എഫ് ജവാൻമാരാണ് വീരമൃത്യു വരിച്ചത്.

==========================================================

## WAYANADU CENTRAL AID

വയനാട് ഉരുൾ പൊട്ടൽ പുനരധിവാസത്തിന് **529.50 കോടി** രൂപയുടെ മൂലധന നിക്ഷേപവായ്പ അനുവദിച്ച് കേന്ദ്രസർക്കാർ. ടൗൺഷിപ് അടക്കം 16 പദ്ധതികൾക്കാണ് കേരളം നൽകിയ കത്ത് പരിഗണിച്ച് വായ്പ അനുവദിച്ചത്. പലിശയില്ലാത്ത വായ്പ 50 വർഷം കൊണ്ട് തിരിച്ചടച്ചാൽ മതി. എന്നാൽ തുക വരുന്ന മാർച്ച് 31-ന് മുൻപ് വിനിയോഗിക്കണമെന്നാണ് നിർദ്ദേശം. ടൗൺഷിപ്പിൽ റോഡ്, പാലം, സ്കൂൾ തുടങ്ങി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി പണം വിനിയോഗിക്കാം. എന്നാൽ മൂലധന നിക്ഷേപവായ്പ ചെലവഴിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സമയപരിധി പ്രായോഗികമല്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പ്രതികരിച്ചു. കേന്ദ്ര നടപടിയെ ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ അഭിനന്ദിച്ചു.

==========================================================

## POI- AADI MAHOTSAV

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമ്മു ഞായറാഴ്ച ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം

തുടങ്ങിയനവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. തങ്ങളുടെ ഉത്പന്നങ്ങൾ മറ്റുള്ളവർക്കിടയിൽ പ്രചരിപ്പിക്കാൻ ഗോത്രവർഗങ്ങൾക്ക് ലഭിക്കുന്ന അവസരമായിരിക്കും പരിപാടിയെന്ന് കേന്ദ്ര ഗോത്രവർഗ കാര്യ സഹമന്ത്രി ദുർഗാദാസ് ഉയികേ പറഞ്ഞു.

================================================================

## REV. INDIA ENERGY WEEK END/ PURI-INDIA ENERGY WEEK

ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഊർജ്ജ പ്ലാറ്റ്ഫോമായി ഇന്ത്യ എനർജി വീക്ക് മാറിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി. കേവലം ഒരു നെറ്റ് വർക്കിംഗ് പ്ലാറ്റ് ഫോമായി പ്രവർത്തിക്കുന്നതിന് പകരം യഥാർത്ഥ ബിസിനസ്സ് ഇടപാടുകളിലൂടെ ഈ പ്ലാറ്റ് ഫോം വേറിട്ടുനിൽക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ എനർജി വീക്ക് 2025 സമാപന സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 700 ലധികം പ്രദർശകർ ഉൾപ്പെടെ 120 രാജ്യങ്ങളിൽ നിന്നുള്ള എഴുപതിനായിരത്തോളം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

================================================================

## WPI

രാജ്യത്തെ മൊത്തവില അധിഷ്ഠിത പണപ്പെരുപ്പം കഴിഞ്ഞ മാസം 2.31 ശതമാനത്തിലെത്തിയതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം. 2024 ഡിസംബറിൽ ഇത് 2.37 ശതമാനമായിരുന്നു. ഭക്ഷ്യവില പണപ്പെരുപ്പം ഡിസംബറിൽ 6.02 ശതമാനമായിരുന്നത് ജനുവരിയിൽ 4.69 ശതമാനമായി കുറഞ്ഞു.

================================================================

## NATIONAL GAMES (INTRO)

കായിക മേഖലയിലെ അടിസ്ഥാന സൗകര്യം, കായിക താരങ്ങൾക്കുള്ള പ്രോത്സാഹനം, മികച്ച പരിശീലനം എന്നിവയിലൂടെ രാജ്യത്തെ കായിക താരങ്ങൾ ലോകശ്രദ്ധ

നേടുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ഉത്തരാഖണ്ഡിലെ ഹൽദ്വാനിയിൽ 38-ാമത് ദേശീയ ഗെയിംസിൻറെ സമാപനസമ്മേളനത്തിൽ മുഖ്യ അതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്........)**

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി ടി ഉഷ ദേശീയ ഗെയിംസിൻറെ സമാപനം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ദേശീയ ഗെയിംസിൻറെ പതാക കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മേഘാലയ മുഖ്യമന്ത്രിക്ക് കൈമാറി. 39-ാമത് ദേശീയ ഗെയിംസിന് മേഘാലയാണ് വേദിയാകുക.

==========================================================

## TWENTY-20

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൻറെ മൂന്നാം സീസണിന് തുടക്കമായി. ഗുജറാത്തിലെ വഡോദരയിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ബെംഗളൂരു റോയൽ ചലഞ്ചേഴ്സ്, ഗുജറാത്ത് ജയൻറ്സിനെ നേരിടുന്നു. ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബൗളിംഗ് തിരഞ്ഞെടുത്തു.

==========================================================

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ, ഹൈദരാബാദ് പോരാട്ടം. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ നേരിടും. ഐഎസ്എൽ മൽസരത്തോടനുബന്ധിച്ച് കൊച്ചി മെട്രോ നാളെ രാത്രി 11 മണിവരെ സർവീസ് സമയം ദീർഘിപ്പിച്ചു.

==========================================================

## VEENA GEORGE – KOTTAYAM

കോട്ടയത്തെ ഗവൺമെന്റ് നേഴ്സിംഗ് കോളേജിൽ ഉണ്ടായ റാഗിങ്ങിൽ കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി നിർദ്ദേശം നൽകി. പിറന്നാൾ ആഘോഷത്തിനായി മദ്യം വാങ്ങാൻ പണം നൽകാത്തതിനാലാണ് പ്രതികൾ ക്രൂരമായി റാഗിങ്ങ് നടത്തിയതെന്ന് പോലീസ് വ്യക്തമാക്കി.

==========================================================

## REV SHAH – NEW CRIMINAL LAW

മഹാരാഷ്ട്രയിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസിനൊപ്പമാണ് ശ്രീ ഷാ ചർച്ചയിൽ സഹ അധ്യക്ഷത വഹിച്ചത്. എല്ലാ കമ്മീഷണറേറ്റുകളിലും എത്രയും വേഗം പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കാൻ ശ്രീ ഷാ നിർദേശം നൽകി. മഹാരാഷ്ട്രയിലെ 90 ശതമാനം പൊലീസ് ഉദ്യോഗസ്ഥർക്കും പുതിയ ക്രമിനൽ നിയമത്തിൽ പരിശീലനം നൽകിയതായി മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ് നവിസ് പറഞ്ഞു.

==========================================================

## PUDUCHERRY–SCHEME

പുതുച്ചേരിയില് ആയുഷ്മാൻ ഭാരത് വയ വന്ദന പദ്ധതിക്ക് ഔദ്യോഗിക തുടക്കമായി. മുഖ്യമന്ത്രി എൻ രംഗസ്വാമിയുടെ സാന്നിധ്യത്തിൽ പുതുച്ചേരി ലെഫ്റ്റനൻറ് ഗവർണർ കെ കൈലാഷ് നാഥൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. അർഹരായ മുതിർന്ന പൗരന്മാർക്ക് ഇൻഷുറൻസ് പദ്ധതിയുടെ കാർഡുകൾ അദ്ദേഹം വിതരണം ചെയ്തു. 70- ഓ അതിൽ കൂടുതൽ വയസോ ഉള്ള മുതിർന്ന പൗരന്മാർക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ

ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്നതാണ് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് വയ വന്ദന പദ്ധതി.

=============================================================

## WEATHER – HEAT

കേരളത്തിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാത സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

=====================

==========================================

=============================================================